# വചനവിചിന്തനം. സെപ്തംബർ 6 ഞായർ, 2009

## Lk.19:1–10 യേശു സക്കേവൂസിന്റെ ഭവനത്തിൽ

ചുങ്കക്കാരിൽ പ്രധാനി എന്ന മുദ്രകൊണ്ട് സമൂഹം അതിന്റെ മുഖ്യധാര യിൽനിന്ന് കുടിയിറക്കിവിട്ട ഒരാളെ തേടി കർത്താവ് എത്തുന്ന ചാരുതയാർന്ന കഥ.

ചുങ്കം പിരിക്കുന്നവൻ സമൂഹത്താൽ അവഗണിക്കപ്പെട്ടിരുന്നത് ആ കാല ഘട്ടത്തിന്റെ രാഷ്ട്രീയ വ്യവസ്ഥിതിയോട് കൂട്ടിച്ചേർത്തു വായിക്കപ്പെടേണ്ട യാഥാർത്ഥ്യ മാണ്. റോമൻ സാമ്രാജ്യത്തിന്റ സാമന്ത പ്രവിശ്യയാണ് ആ കാലത്ത് സക്കേവൂസിന്റെ നാട്. അതുകൊണ്ട് കീഴടക്കി ഭരിക്കുന്ന റോമാക്കാർ പാലസ്തീൻ നിവാസികളെ വിധേയ രുടെ അഥവാ അടിമകളുടെ അവസ്ഥകളിൽ കാണാനാണ് ഇഷ്ടപ്പെട്ടത്. ഈ രാഷ്ട്രീയ അടിമത്തം തദ്ദേശവാസികൾക്ക് അസഹനീയമായിരുന്നു. അതിനുമപ്പുറം സ്വന്തം നാട്ടിൽ താമസിക്കുന്നതിന് അവർ റോമാക്കാർക്ക് നികുതിയും കൊടുക്കേണ്ടിയിരുന്നു. അങ്ങനെ, അവരിൽനിന്ന് നികുതിപിരിക്കാൻ റോമാക്കാർ ഏർപ്പെടുത്തിയ ഒരു മനുഷ്യനാണ് സക്കേവൂസ്. സ്വാഭാവികമായും അവനെ ആ സമൂഹം വെറുക്കുകയും അവഗണിക്കുകയും ചെയ്തു. പക്ഷേ അവനെതേടി തമ്പുരാൻ എത്തുകയാണ്.

സക്കേവൂസിന്റെ ആത്മീയ പ്രതിഛായ ഇങ്ങനെയാണ് സുവിശേഷം അവത രിപ്പിക്കുന്നത് ;– ''യേശു ആരെന്നു കാണാൻ അവൻ ആഗ്രഹിച്ചു. പൊക്കക്കുറവായിരുന്ന തിനാൽ ജനക്കൂട്ടത്തിൽ വച്ച് അതു സാധ്യമായിരുന്നില്ല''.

ജനക്കൂട്ടത്തിൽവച്ചാണ് അവന്റെ പൊക്കക്കുറവ് അവനു ബോദ്ധ്യപ്പെടുക. ജനക്കൂട്ടം ഒരു പ്രതീകമാണ്. നന്മതിന്മകൾ അളക്കാതെ ''അവനെ ക്രൂശിക്കുക'' എന്ന് ആക്രോശിക്കുന്നവരുടെ ..... നാലാളു മുൻപേ പോയാൽ അതു സത്യമാണെന്ന് കണ്ട് അതേ ചുവടുകൾ നടക്കുന്ന വഴിപിഴച്ച ധാർമ്മികതയുടെ... അങ്ങനെ പലതിന്റേയും പ്രതീകം...

മാതാപിതാക്കന്മാർ പ്രായമെത്തുമ്പോൾ ''un productive'' എന്ന കമ്പോള ത്തിന്റെ വിലയിടീലിൽ അവരെ ഉപയോഗശൂന്യരായി കണ്ട് ഏതെങ്കിലും ഒരു അനാഥാല യത്തിന്റെ നാലുകെട്ടിലേയ്ക്ക് അവരെ വലിച്ചെറിയുന്ന ''disposible'' സംസ്കാരത്തിലെ മക്കളും ഈ ആൾക്കൂട്ടത്തിൽ തന്നെ...

ഈ ആൾക്കൂട്ടത്തിൽ വച്ച് ആർക്കും യേശുവിനെ കാണാൻ പറ്റില്ല. സക്കേ വൂസിന്, പണത്തോടുള്ള ആർത്തിയും അതിനുവേണ്ടി സ്വീകരിച്ച അധാർമ്മിക മാർഗ്ഗങ്ങളു മൊക്കെയായിരുന്നു ഈ ആൾക്കൂട്ടം.

''യേശുവിനെ കാണാൻ വേണ്ടി അവൻ മുൻപേ ഓടി....'' ഈ ആൾക്കൂട്ട ത്തിനു മുൻപേ പോകുന്നവനു മാത്രമേ ഒരു യേശു ദർശനത്തിനു സാദ്ധ്യതയുള്ളു. ആൾക്കൂട്ടം എന്ന അധാർമ്മികതയുടെ സുഖവും സുരക്ഷിതത്വവും ഉപേക്ഷിക്കേണ്ടി വരും. യേശുവിനെ കാണാൻ ആകുന്ന അത്ര ദൂരത്തിലേയ്ക്ക് അവൻ ഓടി എന്നാണ് വചനം പറയുന്നത്. അവന് അത് ഒരു സിക്കമൂർ മരമായിരുന്നു. ഓരോരുത്തർക്കും അത് വ്യത്യ സ്തമാണ് പൗലോസിന് അത് ഡമാസ്കസ്സ് വഴിയിലെ ഒരു വീഴ്ചയാണ്. പാപിനിയായ

സ്ത്രീയ്ക്ക് സമൂഹം കല്ലെറിയാൻ ഒരുങ്ങുന്ന ഒരു തകർച്ചയാണ്. ഓരോരുത്തരും യേശുദർശനത്തിലേയ്ക്കെത്തുന്ന ജീവിതത്തിന്റെ ഓട്ടപ്രദക്ഷിണം ഓരോ തരത്തിലാണ് പൂർത്തിയാക്കുക.

ഒടുവിൽ രക്ഷയുടെ വിരുന്നനുഭവം. ഈ വിരുന്നിന് സക്കേവൂസ് നല്കുന്ന വിലയാണ് വിലമതിക്കേണ്ടത്. എന്തായിരുന്നോ ഇന്നുവരെ അവന്റെ ഏറ്റവും പ്രധാനപ്പെട്ട സന്തോഷം - പണമുണ്ടാക്കുക എന്ന പ്രക്രിയതന്നെ - ഉപേക്ഷിക്കാൻ തീരുമാനിക്കുന്നു. സ്വത്തിൽ പാതി ദരിദ്രർക്ക്, പിന്നെ വഞ്ചിച്ചെടുത്തതിൽ നാല് ഇരട്ടിയും! ഇത്രയും ഉപേക്ഷിക്കുക എന്നാൽ ഏകദേശം അവന്റെ സമ്പാദ്യം മുഴുവൻ - കാരണം സമ്പാദ്യത്തിൽ ഏറെയും വഞ്ചിച്ചെടുത്തവ ആയിരിക്കണമല്ലോ.

നിന്റെ നെഞ്ചോട് അടുക്കി പിടിച്ചിരിക്കുന്ന പല സന്തോഷങ്ങളുമാണ് നീ ഉപേക്ഷിക്കേണ്ടത്. ഇതുപോലൊരു രക്ഷയുടെ അനുഭവത്തിന്റെ വിലയായി, പ്രിയതരമായ ചില താല്പര്യങ്ങൾ, ഹൃദയത്തോടു ചേർന്നുനിൽക്കുന്ന ചില ബന്ധങ്ങൾ, ഒടുങ്ങാത്ത പക ..... ഓരോരുത്തരുടേയും ആത്മശോധനയുടെ വിഷയമാണ് അത്.

പക്ഷേ ഒരു കാര്യം അനിവാര്യമാണ് ആത്മീയതയുടെ യുദ്ധക്കളത്തിൽ ഇതുപോലോരു യുദ്ധം;- കുരുക്ഷേത്രയുദ്ധത്തിൽ തന്റെ മുമ്പിൽ നിൽക്കുന്നത്, താൻ യുദ്ധം ചെയ്യേണ്ടത്, തന്റെ ബന്ധുക്കളാണ് എന്നറിഞ്ഞ് മടിച്ചു നിൽക്കുന്ന അർജ്ജുനനോട് കൃഷ്ണൻ പറയുന്നതുപോലെ ..... "Dear, Fight against your dear ones...."

നിന്റെ ശത്രുക്കൾ നിന്റെ പ്രിയപ്പെട്ടവരാകാം. നിനക്കു പ്രിയപ്പെട്ട മോഹങ്ങളാകാം...., ദൈവത്തിന് അഹിതമായ നിന്റെ ഇഷ്ടങ്ങളാകാം... അതിനെതിരേ യുദ്ധം ചെയ്തേ മതിയാവൂ...

രക്ഷയുടെ അനുഭവം സ്വന്തമാക്കാൻ ഇതുപോലൊരു യുദ്ധം ആവശ്യമാകാം നിനക്കും, എന്ന ഓർമ്മപ്പെടുത്തലാണ് സക്കേവൂസ്.

**ഫാ. അലക്സ് വേലച്ചേരി**